# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2418 12.06.2018- ൽ മറുപടിക്ക്

## പീഡിത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പുനഃരുദ്ധാരണം

ചോദ്യം | ഉത്തരം

ശ്രീ.എം ഉമ്മർ

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പീഡിത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പുനഃരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | കേരളത്തിലെ എം.എസ്.എം.ഇ യൂണിറ്റുകൾ ധനകാര്യമില്ലായ്മ, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, ആവശ്യകതയിലെ മാന്ദ്യം, സ്ഥാപനങ്ങൾക്കുണ്ടാകുന്ന തളർച്ച തുടങ്ങിയ പ്രതിസന്ധികൾ നേരിടുകയാണ്. ഇത്തരം തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുവാനുള്ള ഈ പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്തിന്റെ വിഹിതമായി ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപ വകയിരുത്തുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി എം.എസ്.എം.ഇ. പുനരുജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി കേരള എം.എസ്.എം.ഇ പുനരുജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നതാണ്. ട്രസ്റ്റ് ഫണ്ടിൽ 100 കോടി രൂപയുടെ കോർപ്പസ് ഫണ്ട് ഉണ്ടായിരിക്കുകയും ഇതിൽ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കൺസോർഷ്യവും വഹിക്കേണ്ടതാണ്. വ്യക്തമായ മാർഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം ധനസഹായവും, വായ്പയും അനുവദിക്കേണ്ടത്. പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്തിന്റെ സമാന വിഹിതമായി 2018-19 ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകിക്കഴിഞ്ഞു. |
| സി) | ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | സി) | ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ ആകെ തുകയായ 13801.00 ലക്ഷം രൂപയുടെ 73.56% (10133.91 ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ